## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2154** **18.06.2013 ലെ മറുപടിയ്ക്ക്**

### നികുതി പിരിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ജി. സുധാകരൻ** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | 2012-13 സാമ്പത്തിക വർഷം പിരിച്ചെടുത്ത ആകെ നികുതി വരുമാനം തരംതിരിച്ച് വ്യക്തമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2012-13 സാമ്പത്തിക വർഷം പിരിച്ചെടുത്ത ആകെ തനതു സംസ്ഥാന നികുതി വരുമാനം 30076.67 കോടി രൂപയാണ്. (ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | പ്രസ്തുത വർഷത്തിൽ പ്രതീക്ഷിച്ച നികുതി വരുമാനം പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | (ബി) | പ്രതീക്ഷിച്ച നികുതി പൂർണമായും ലഭിച്ചിട്ടില്ല. ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനയിൽ മുൻവർഷം നികുതിയിനത്തിൽ 25% വർദ്ധനവുണ്ടായപ്പോൾ, 2012-13 സാമ്പത്തിക വർഷം 14 ശതമാനം വർദ്ധനവ് മാത്രമാണ് ഉണ്ടായത്. ചില അവശ്യ വസ്തുക്കളുടെ നികുതി 4 ശതമാനത്തിൽനിന്നും 1 ശതമാനമായി കുറച്ചു.<br><br>പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധന ഉണ്ടായപ്പോൾ അതിൽനിന്നും കിട്ടുന്ന അധിക നികുതി സർക്കാർ വേണ്ടെന്നു വയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായി നികുതിയിൽ കുറവ് വന്നിട്ടുണ്ട്.<br><br>പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയുടെ വിലയിടിവ് മൂലം ഇത്തരം കാർഷിക ഉൽപന്നങ്ങളിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. സാമ്പത്തിക മാന്ദ്യവും നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്.<br><br>എന്നാൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നികുതി പിരിവ് ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 18.5 % നികുതി വർദ്ധന കൈവരിക്കാൻ വാണിജ്യ നികുതി വകുപ്പിന് സാധിച്ചിട്ടുണ്ട്. |
| (സി) | നടപ്പു സാമ്പത്തിക വർഷം നികുതി വരുമാനം എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | നടപ്പു സാമ്പത്തിക വർഷം നികുതി വരുമാനം 20.70 ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| | 2012-13(Prl) |
|---|---|
| | Rs. in crore |
| **തനത് നികുതി വരവിനങ്ങൾ** | |
| കാർഷികാദായ നികുതി | 18.92 |
| ഭൂ നികുതി | 121.57 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 2938.43 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 67.58 |
| സംസ്ഥാന എക്സൈസ് | 2313.95 |
| വിൽപന നികുതി | 22511.09 |
| വാഹന നികുതികൾ | 1924.62 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 24.71 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 155.80 |
| **ആകെ [തനത്] നികുതി വരവ്** | **30076.67** |

സെക്ഷൻ ഓഫീസർ